MONDAY

21/07/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : SINDHU. KS    Editor : Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/07/2025

1. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻബ്യൂറോ 2025 – 26 വർഷത്തിൽ **കൃഷിസമൃദ്ധിയിൽ എന്റെ കേരളം** എന്ന വിഷയത്തെ ആസ്പദമാക്കി ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കൃഷി മൃഗസംരക്ഷണം ക്ഷീരവികസന മേഖലകളിലെ ജീവന്റെതുടിപ്പുള്ള ഹൃദയസ്പർശിയായ ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്.

ഒന്നാം സമ്മാനം 25000 രൂപ

രണ്ടാം സമ്മാനം 15000/-രൂപ

മൂന്നാം സമ്മാനം 10000/-രൂപ

പ്രോത്സാഹന സമ്മാനം 2000/- രൂപ വീതം 10 പേർക്ക്

എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, fibtvmphotography@gmail.com എന്ന ഇ മെയിൽ വിലാസത്തിലോ 2025 ആഗസ്റ്റ് 15 ന് മുൻപ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8078095860, 9383470289 എന്നീ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

2. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 14-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി കല്ലുമ്മക്കായ കൃഷി ചെയ്യുന്നതിന് ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, കർഷക കൂട്ടായ്മകൾ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജനറൽ വിഭാഗത്തിന് 40 ശതമാനവും എസ് സി വിഭാഗത്തിന് 75 ശതമാനവും എസ് .ടി വിഭാഗത്തിന് നൂറ് ശതമാനവും സബ്സിഡി ലഭിക്കും. ഫോൺ: 0497 2731081 ജില്ലാപഞ്ചായത്തിന്റെ 2025-26 വർഷത്തെ മത്സ്യശ്രീ പദ്ധതി പ്രകാരം നാല് പേരടങ്ങുന്ന കുടുംബശ്രീ ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് മത്സ്യവിപണന ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർക്ക് 75 ശതമാനം സബ്സിഡി ലഭിക്കും. അപേക്ഷകർ ജൂലൈ 25 നകം തലശ്ശേരി, കണ്ണൂർ, മാടായി, അഴിക്കോട് മത്സ്യഭവനുകളിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾ പ്രാദേശിക മത്സ്യഭവൻ ഓഫീസുകളിൽ നിന്നോ കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നോ ലഭിക്കും. ഫോൺ: 0497 2731081

3. അസീസിയ ഓർഗാനിക്ക് വേൾഡ് സംഘടിപ്പിക്കുന്ന ജൈവ ഭക്ഷ്യ ഉത്പന്നങ്ങളുടെ പ്രദർശന വിപണനമേള ഈ മാസം 25 മുതൽ 30 വരെ പാടിവട്ടം അസീസിയ കൺവൻഷൻ സെന്ററിൽ നടക്കും. തൃശ്ശൂർ പഴവിൽ സ്ഥിതിചെയ്യുന്ന അസീസിയയുടെ 65 ഏക്കർ ഓർഗാനിക് ഫാമിൽ കൃഷി ചെയ്യുന്ന അൻപത്തിയെട്ടോളം ഉത്പ്പന്നങ്ങൾ പ്രദർശന വിപണനമേളയിൽ ഉണ്ടാകും. ഇതിനു പുറമെ പ്രമുഖ ജൈവ ഉത്പന്നങ്ങളും ജൈവ തൈകളും ലഭ്യമാകും. മത്സ്യകൃഷിയടക്കമുള്ള വിവരങ്ങൾ നല്കാൻ സ്റ്റാളുകൾ, സിമ്പോസിയം എന്നിവയെല്ലാം ജൈവ വിപണനമേളയുടെ ഭാഗമായുണ്ടാകും. കലയും നല്ല ഭക്ഷണ ശീലവും കോർത്തിണക്കിയുള്ള പരിപാടികളാണ് അസീ സിയ സംഘടിപ്പിക്കുന്നത്.



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

1. ഐ സി എ ആർ കൃഷി വിജ്ഞാന കേന്ദ്രം ഏക ദിന പരിശീലനം സംഘടിപ്പിക്കുന്നു. വെള്ളനാട് പ്രവർത്തിക്കുന്ന മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് മണ്ണിര കമ്പോസ്റ്റ് നിർമാണം എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു . താല്പര്യമുള്ളവർ 2025 ഓഗസ്റ്റ് മാസം 1 ന് വൈകിട്ട് 5 മണിക്ക് മുൻപായി 8086019840 എന്ന നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്യുക. വാട്സ് ആപ്പ് മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യാവുന്നതുമാണ് . ക്ലാസ്സ് 2025 ഓഗസ്റ്റ് മാസം 6 ന് രാവിലെ 9.30 മണിക്ക് ഉണ്ടായിരിക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 കർഷകർക്ക് പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.
2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "നഴ്സറി പരിപാലനവും സസ്യ പ്രവർദ്ധന രീതികളും (ബഡിംഗ് & ഗ്രാഫ്റ്റിംഗ്)"എന്ന വിഷയത്തിൽ 2025 ജൂലൈ 23ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവര് **9400483754** എന്ന ഫോണ് നമ്പറിൽ (രാവിലെ10 മണി മുതല് വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. ഐ സി എ ആർ കൃഷി വിജ്ഞാനകേന്ദ്രം മിത്രനികേതൻ തേനീച്ച കൃഷിയുടെ ദീർഘകാല പരിശീലനം സംഘടിപ്പിക്കുന്നു. വെള്ളനാട്

പ്രവർത്തിക്കുന്ന മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് തേനീച്ച പരിപാലനം എന്ന വിഷയത്തിൽ ദീർഘകാല പരിശീലനകോഴ്സ് ആരംഭിക്കുന്നു. താല്പര്യമുള്ളവർ 2025 ജൂലൈ 31 ന് വൈകിട്ട് 5 മണിക്ക് മുൻപായി 9446911451 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. വാട്സ്ആപ്പ് സന്ദേശത്തിൽ കൂടിയും രജിസ്റ്റർ ചെയ്യാവുന്നതുമാണ് . പ്രാരംഭ ക്ലാസ്സ് 2025 ഓഗസ്റ്റ് 1 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് നടത്തുന്നതാണ്.

4. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 06.08.2025, 07.08.2025 തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് "സുരക്ഷിതമായ പാലുൽപാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ കാർഡിൻറെയും ബാങ്ക് പാസ്സ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 02.08.2025ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### കാർഷിക നിർദേശം

#### തെങ്ങ് നടീൽ

തെങ്ങ് നടാൻ വേണ്ടി നിലമൊരുക്കാം. വെള്ളക്കെട്ടുകൾ രൂപം കൊള്ളുന്ന സ്ഥലങ്ങൾ തെങ്ങിന് അനുയോജ്യമല്ല. നടാനുള്ള കുഴികൾക്ക് 1 മീറ്റർ വീതം നീളവും വീതിയും ആഴവും ഉണ്ടായിരിക്കണം. ചെങ്കൽ പ്രദേശമാണെങ്കിൽ കുഴികളിൽ 2 കിലോ വീതം ഉപ്പ ചേർക്കണം. മേൽമണ്ണും ചാണകപ്പൊടിയും ചാരവും കൂട്ടിക്കലർത്തിയ മിശ്രിതം ഉപയോഗിച്ച് കുഴിയുടെ മുന്നിൽ ഒരു ഭാഗം നിറക്കുക. ഇതിന്റെ നടുക്ക് ഒരു തേങ്ങാ മൂടാൻ വിധം പിള്ളക്കുഴി ഉണ്ടാക്കി അതിൽ തൈ വെച്ച് മണ്ണിട്ട് ഉറപ്പിക്കുക. താങ്ങുകാൽ നാട്ടി അതിനോട് മുകൾഭാഗം ചേർത്ത് കെട്ടുക. തീവ്രതയേറിയ വെയിലിൽ നിന്നും സംരക്ഷിക്കാൻ മടഞ്ഞ ഓലയോ വാഴകളോ കുഴിക്കരയിൽ കുത്തി വെക്കുക.

തൈക്കുഴിയിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. മഴക്കാലത്ത് കുഴിയിലേക്ക് വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ ചുറ്റും വരമ്പ് തീർക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം